## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1046. 11.07.2011-ൽ മറുപടിക്ക്

### അന്യസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാന തൊഴിലാളികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനും വേണ്ടി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി, കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമ പദ്ധതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന് കീഴിലാണ് പ്രസ്തുത ക്ഷേമപദ്ധതി പ്രവർത്തിച്ചു വരുന്നത്. ടി പദ്ധതി പ്രകാരം അംഗങ്ങൾ ആകുന്ന തൊഴിലാളികൾക്ക് ചികിത്സാധനസഹായം, ആശ്വാസ ധനസഹായം, അംഗത്വം നിലനിൽക്കേ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് ധനസഹായം, മരണമടഞ്ഞ തൊഴിലാളിയുടെ ഭൗതിക ശരീരം നാട്ടിലെത്തിയ്ക്കുന്നതിനുള്ള ധനസഹായം, ഒരു വർഷത്തിൽ കുറയാത്ത കാലം അംഗത്വം നിലനിറുത്തിയിട്ടുള്ള അംഗത്തിന്റെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ഗ്രാന്റ്, അംഗങ്ങൾ 5 വർഷത്തിൽ കുറയാത്ത കാലം അംശദായം അടച്ച് തൊഴിൽ അവസാനിപ്പിയ്ക്കുമ്പോൾ ടെർമിനൽ ബെനിഫിറ്റ് എന്നീ ആനുകൂല്യങ്ങൾ അനുവദിയ്ക്കുന്നതാണ്.<br><br>മേൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ കൂടാതെ 'അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള ആരോഗ്യ പദ്ധതി' ജില്ലാ ലേബർ ഓഫീസർ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഇവർക്ക് |

ആവശ്യമായ താമസ സൗകര്യം ഏർപ്പെടുത്തികൊടുക്കുന്നതിനും തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ കാര്യക്ഷമതയോടെ നടപ്പിലാക്കി വരുന്നതായി ഉറപ്പുവരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെങ്കിലും പദ്ധതിയിൽ മാറ്റം വരുത്തുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഉണ്ട്. തൊഴിൽ വകുപ്പും കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡും സഹകരിച്ച് കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) അന്യസംസ്ഥാന തൊഴിലാളികളുടെ ജീവന് സംരക്ഷണം നൽകുന്നതിനും അവരെ ചൂഷണങ്ങളിൽ നിന്നും പീഡനങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനും മറ്റുള്ളവർക്ക് ലഭിക്കുന്ന ന്യായമായ വരുമാനം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

(സി) അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്ന തൊഴിലിടങ്ങളിലെ സുരക്ഷാ ക്രമീകരണങ്ങൾ പരിശോധനയിൽ ഉറപ്പു വരുത്തുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ പരാതികളിൽ നടപടി സ്വീകരിച്ച് എത്രയും വേഗം പരിഹാരം കണ്ടെത്തുന്നതിനായി റീജിയണൽ തലത്തിൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ കീഴിലും ജില്ലാ തലത്തിൽ ജില്ലാ ലേബർ ആഫീസർമാരുടെ കീഴിലും പരിശോധന സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ടി തൊഴിലാളികളെ ഏതെങ്കിലും തരത്തിൽ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിരമായി പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിച്ച് പരിഹാരം കണ്ടെത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

തൊഴിലാളികൾക്ക് മിനിമം വേതനം ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നു എന്നത് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയിൽ ഉറപ്പു വരുത്തുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ